"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം നോർത്ത് പറവൂർ കരിമ്പാടം ഡി.ഡി.എസ്.എച്ച്.എസ് ലെ എൽ.പി.എസ്.ടി ശ്രീമതി മിനി.കെ.ആർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C)No.6214/2024 മേലുള്ള വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.10023/2025/GEDN തീയതി,തിരുവനന്തപുരം, 03-12-2025

---

പരാമർശം:-
1) ശ്രീമതി.മിനി.കെ.ആർ ന്റെ 11.02.2020 ലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ.
2) ശ്രീമതി.മിനി.കെ.ആർ ന്റെ 07.03.2020 ലെ സത്യപ്രസ്താവന.
3) ആരോഗ്യവകുപ്പ് ഡയറക്ടറുടെ 27.02.2024 ലെ എം.ആർ6-52811/2022/ആ.വ.ഡ നമ്പർ കത്ത്.
4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.03.2024 ലെ ആർ2/7849/2020/ഡി.ജി.ഇ നമ്പർ കത്ത്.
5) WP(C) 6214/2024 നമ്പർ കേസിലെ 15.11.2024 ലെ വിധിന്യായം.

**ഉത്തരവ്**

എറണാകുളം നോർത്ത് പറവൂർ കരിമ്പാടം ഡി.ഡി.എസ്.എച്ച്.എസ്-ലെ എൽ.പി.എസ്.ടി ശ്രീമതി.മിനി.കെ.ആർ ന്റെ മകന്റെ ചികിത്സയ്ക്ക് 26.02.2018 മുതൽ 14.05.2018 വരെ കൊച്ചി ലേക് ഷോർ ആശുപത്രിയിൽ ചെലവായ 15,67,976/- രൂപ റീ-ഇംബേഴ്സ്മെന്റ് ചെയ്യുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ഒറിജിനൽ ബില്ലുകൾ നഷ്ടപ്പെട്ടതുമൂലം ഡ്യൂപ്ലിക്കേറ്റ് ബില്ലുകളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് പരാമർശം (2) പ്രകാരം സത്യപ്രസ്താവന സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ശ്രീമതി മിനി.കെ.ആർ ഇക്കാര്യത്തിൽ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.6214/2024 കേസ് പരിഗണിച്ച ബഹു. കോടതി പരാമർശം (1) അപേക്ഷയിൽ വിധിപ്പകർപ്പ് ലഭിച്ച് ഒരു മാസത്തിനകം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം (5) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (4) കത്തിലെ ശിപാർശ പരിഗണിച്ച്, നോർത്ത് പറവൂർ ഡി.ഡി.സഭ എച്ച്.എസ് ലെ എൽ.പി.എസ്.ടി ആയ ശ്രീമതി മിനി.കെ.ആർ ന്റെ മകന്റെ ചികിത്സയ്ക്ക് 26.02.2018 മുതൽ 14.05.2018 വരെയുള്ള കാലയളവിൽ കൊച്ചി ലേക് ഷോർ ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ച തുകയായ 8,61,807/- രൂപയുടെ 80% ആയ

6,89,446/-രൂപ (ആറു ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി നാന്നൂറ്റി നാൽപ്പത്താറ് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിയും പരാമർശം (2) സത്യപ്രസ്താവന കണക്കിലെടുത്ത് ട്രഷറിയിൽ നിന്നും തുക മാറി നൽകുന്നതിന് അസ്സൽ ബില്ലുകൾ ഹാജരാക്കേണ്ട വ്യവസ്ഥയിൽ ഇളവു നൽകിയും അപ്രകാരം പരാമർശം (5) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (ബില്ലുകളുടെ പകർപ്പുകൾ ഉൾപ്പടെ)
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലുവ.
ശ്രീമതി മിനി.കെ.ആർ, എൽ.പി.എസ്.ടി, ഡി.ഡി.എസ്.എച്ച്.എസ്, കരിമ്പാടം,
ചേന്ദമംഗലം.പി.ഒ, നോർത്ത് പറവൂർ, എറണാകുളം-680 664.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (07.01.2025 ലെ ഫയൽ നം. LNS-L8/178/2024-FIN പ്രകാരം).
ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 03-12-2025 16:55:10
സെക്ഷൻ ഓഫീസർ